**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **27-06-2022 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ വ്യക്തികളുടെ കസ്റ്റഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ സുരക്ഷാ നടപടികളുടെ ഭാഗമായി ജനങ്ങൾ കറുത്ത വസ്ത്രങ്ങൾ ധരിക്കരുത് എന്ന രീതിയിൽ പോലീസിനു നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇത്തരത്തിൽ ഒരു നിർദ്ദേശം പോലീസിന് നൽകിയിട്ടില്ല. |
| (ബി) | മുഖ്യമന്ത്രിയുടെ എറണാകുളം സന്ദർശനവേളയിൽ കലൂർ മെട്രോ സ്റ്റേഷന് സമീപം കറുത്ത ചുരിദാർ ധരിച്ചതിന്റെ പേരിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ തടഞ്ഞുവെച്ച് ഭീഷണിപ്പെടുത്തുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കലൂർ മെട്രോ സ്റ്റേഷനിലുള്ള കാൻസർ റിസർച്ച് ലാബിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് അതീവ സുരക്ഷ നൽകേണ്ട Z Plus കാറ്റഗറിയിലുള്ള മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ച രണ്ട് ട്രാൻസ്ജെന്റർ വ്യക്തികളെ സുരക്ഷയുടെ ഭാഗമായി 151 Cr.PC പ്രകാരം നിയമാനുസരണം മുൻകരുതൽ അറസ്റ്റ് ചെയ്ത് യഥാസമയം സ്ഥലത്തു നിന്ന് നീക്കുന്ന നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ